മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സി.ബി.സി.എസ്. ബി.എസ്.സി മൈക്രോബയോളജി മോഡൽ III പ്രോഗ്രാമിന്റെ 2017-ൽ പരിഷ്കരിച്ച സ്കീം, സിലബസ് എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് സമർപ്പിച്ച ശിപാർശകൾ അംഗീകരിച്ച് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് എ 9 സെക്ഷൻ**

സ.ഉ.നം. 7850/എസി.എ 9/സ്കീം/മൈക്രോബയോളജി/2018 തീയതി, പി.ഡി ഹിൽസ്, 02.11.2018

പരാമർശം : (1) യു.ജി.ബോർഡ് ഓഫ് സ്റ്റഡീസ്, മൈക്രോബയോളജി ചെയർപേഴ്സൺ ആയ ഡോ. കെ. സുധയുടെ 08.03.2018 തീയതിയിലെ കത്ത്.

(2) 30.04.2018 തീയതിയിൽ ബഹു.വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ്, ഒ.എ 15 (185117).

(3) 09.05.2018 തീയതിയിലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

(4) EB XII/4/2018 നമ്പരായ ഫയൽ.

(5) സ.ഉ.നം.3990/എസി എ9/സ്കീം/മൈക്രോബയോളജി/2018 തീയതി:15.05.2018.

## ഉത്തരവ്

പരാമർശം (1) പ്രകാരം സി.ബി.സി.എസ്. ബി.എസ്.സി മൈക്രോബയോളജി മോഡൽ III പ്രോഗ്രാമിന്റെ 2017-ൽ പരിഷ്കരിച്ച സ്കീം, സിലബസ് എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ശിപാർശകൾ സമർപ്പിച്ചിരുന്നു.

ഒന്നാം സെമസ്റ്റർ

- MB1CRT01 – 'Fundamentals of Microbiology' എന്ന കോഴ്സിന്റെ ഇന്റേണൽ: എക്സ്റ്റേണൽ അനുപാതം 20 : 80 ആയി തിരുത്തിയിട്ടുണ്ട്. നിലവിലിരുന്ന സ്കീമിൽ ഇന്റേണൽ : എക്സ്റ്റേണൽ അനുപാതം 15 :60 മാർക്ക് ആയതിനാൽ അതനുസരിച്ചുള്ള മോഡൽ ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കുകയും പരീക്ഷ നടത്തുകയും ചെയ്തു. തിരുത്തലുകൾ അംഗീകരിക്കുകയാണെങ്കിൽ

I. നിലവിൽ 15-ൽ നൽകിയിരിക്കുന്ന ഇന്റേണൽ 20ലേയ്ക്ക് ആനുപാതികമായി ഉയർത്താവുന്നതാണ്.

II. നിലവിൽ 60-ൽ നൽകിയിരിക്കുന്ന എക്സ്റ്റേണൽ 80ലേയ്ക്ക് ആനുപാതികമായി ഉയർത്താവുന്നതാണ്.

- MB1CRT02 – 'Microbial Physiology and Metabolism'എന്ന കോഴ്സ് സിലബസിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതുപോലെ 20:80 മാർക്കിൽ തന്നെയാണ് പരീക്ഷ നടത്തിയത്.
  MB1CRT02 – 'Microbial Physiology and Metabolism'എന്ന കോഴ്സ് 20:80 എന്ന ഇന്റേണൽ: എക്സ്റ്റേണൽ അനുപാതം നിലനിർത്തിയാണ് ഇപ്പോൾ ബി.ഒ.എസ് ചെയർമാൻ പുതുക്കിയ സ്കീം സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഇപ്പോൾ 15-ൽ നൽകിയിരിക്കുന്ന പ്രസ്തുത കോഴ്സിന്റെ ഇന്റേണൽ മാർക്ക് '20' എന്ന നിലയിൽ ആനുപാതികമായി ഉയർത്തി ക്രമീകരിക്കേണ്ടതാണ്.

പരാമർശം (2) പ്രകാരം ചേർന്ന അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ഒ.എ 15 (185117) ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശിപാർശകൾ അംഗീകരിക്കുവാൻ ശിപാർശ ചെയ്തു.

പരാമർശം (3) പ്രകാരം, മേൽ ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3 വകുപ്പ് 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ 09.05.2018 തീയതിയിൽ അംഗീകരിച്ചു.

പരാമർശം (5) സ.ഉ.നം.3990/എസി എ9/സ്കീം/മൈക്രോബയോളജി/2018 തീയതി:15.05.2018 ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് III)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) ഡോ. സുധ, ചെയർപേഴ്സൺ, ബി.ഒ.എസ്, മൈക്രോബയോളജി
2) വി സി/ പി വി സി എന്നിവരുടെ പി എസ്
3) രജിസ്ട്രാർ/പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ
4) ജെ.ആർ II/ഡി.ആർ II /എ.ആർ III (അക്കാദമിക്)
5) ജെ.ആർ I /ഡി.ആർ IV/എ.ആർ XV (പരീക്ഷാവിഭാഗം)
6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യു.എ.സി
7) എസി സി II/എ.സി.എൽ
8) സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ: എസിഎ9/1/ഉത്തരവുകൾ/കത്തുകൾ/2018